(സി) അതിന് എന്ത് തുക വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബോർഡിന്റെ 1999-2000-ലെ താൽക്കാലിക കണക്കനുസരിച്ച് പെൻഷന് ആ വർഷത്തേക്ക് 103.85 കോടി രൂപ ചെലവായി.

(ബി) 416 പേർക്ക് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നൽകുവാനുണ്ട്.

(സി) 8.35 കോടി രൂപ വേണ്ടിവരും.

ഇലക്ട്രിസിറ്റി ബോർഡിലെ ജീവനക്കാർക്കുള്ള പെൻഷൻ ആനുകൂല്യങ്ങൾ

128 (353) ശ്രീ. ബി. വിജയകുമാർ :

ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 സെപ്റ്റംബർ മുതൽ 2001 ജനുവരി 31 വരെ കെ.എസ്.ഇ.ബി.യിൽ നിന്നും എത്രപേർ റിട്ടയർ ചെയ്തു ;

(ബി) ഇവരിൽ എത്രപേർക്ക് പെൻഷൻ ആനുകൂല്യങ്ങൾ കുടിശ്ശികയുണ്ട് ;

(സി) ഈയിനത്തിൽ 2001 ജനുവരി 15-നും 31-നും ഇടക്ക് എന്തു തുക കൊടുക്കാനുണ്ടായിരുന്നു ;

(ഡി) കെ.എസ്.ഇ.ബി. ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ കൊടുക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ ;

(ഇ) തിരുവനന്തപുരം ഫ്ളവർ ഷോയ്ക്ക് കെ.എസ്.ഇ.ബി. എന്തെങ്കിലും തുക സൗജന്യമായി നൽകിയിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ എന്തു തുക, ഫ്ളവർ ഷോക്ക് സൗജന്യം നൽകാനുള്ള കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 512 പേർ റിട്ടയർ ചെയ്തു.

(ബി) വിവിധ ഫീൽഡ് ഓഫീസുകളിൽ നിന്നും ലഭ്യമാക്കേണ്ടതിനാൽ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ഏകദേശം 5.69 കോടി രൂപ കൊടുക്കാനുണ്ടായിരുന്നു.

(ഡി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പെൻഷൻ ആനുകൂല്യങ്ങൾ കൊടുക്കുന്നുണ്ട്.

(ഇ) ഇല്ല.

(എഫ്) പ്രസക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly